# കേരള സർവകലാശാല

നം. പി.ആർ.077/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പരീക്ഷകൾ മാറ്റി

കേരള സർവകലാശാല ഏപ്രിൽ ആറിന് നടത്താനിരുന്ന അവസാന വർഷ ബി.കോം പാർട്ട് മൂന്ന് ആന്വൽ സ്കീം പേപ്പർ 10 ബാങ്കിംഗ് ലോ ആന്റ് പ്രക്ടീസ് പരീക്ഷ ഏപ്രിൽ ഏഴ് വെള്ളിയാഴ്ച ഉച്ചയ്ക്ക് 2.00 മുതൽ 5.00 വരെ നടക്കും. പരീക്ഷാകേന്ദ്രങ്ങൾക്ക് മാറ്റമില്ല. ഏപ്രിൽ ആറിന് നടത്താനിരുന്ന ആറാം സെമസ്റ്റർ ബി.കോം സി.ബി.സി.എസ്.എസ് വൈവ വോസി പരീക്ഷകൾ ഏപ്രിൽ ഏഴിന് നടക്കും. പരീക്ഷാകേന്ദ്രങ്ങൾക്കും സമയത്തിനും മാറ്റമില്ല.

### ബി.എ സംസ്കൃതം പുന:പരീക്ഷ

കേരള സർവകലാശാല 2016 നവംബർ 29-ന് നടത്തി റദ്ദാക്കിയ അഞ്ചാം സെമസ്റ്റർ (2013 മുതലുള്ള അഡ്മിഷൻ) ബി.എ സംസ്കൃതം ന്യായം മെയിൻ എക്സാമിനേഷൻ ഓഫ് ഡൗട്ട് (സമസ്യ) പേപ്പറിന്റെ പുന:പരീക്ഷ ഏപ്രിൽ 10 തിങ്കളാഴ്ച ഉച്ചയ്ക്ക് 1.30 മുതൽ 4.30 വരെ ഗവ. സംസ്കൃത കോളേജിൽ വച്ച് നടക്കും.

### ബി.എ. ഇസ്ലാമിക് ഹിസ്റ്ററി പുന:പരീക്ഷ

കേരള സർവകലാശാല 2016 ഡിസംബർ അഞ്ചിന് നടത്തിയ സി.ബി.സി.എസ്.എസ് അഞ്ചാം സെമസ്റ്റർ ബി.എ. ഇസ്ലാമിക് ഹിസ്റ്ററിയുടെ (2013 മുതലുള്ള അഡ്മിഷൻ) കോർ പേപ്പർ എട്ട് ഇൻഡ്യൻ ഹിസ്റ്ററി I (711 - 1707) പരീക്ഷ റദ്ദാക്കി. പ്രസ്തുത പേപ്പറിന്റെ പുന:പരീക്ഷ ഏപ്രിൽ 10-ന് ഉച്ചയ്ക്ക് 1.30 മുതൽ 4.30 വരെ നടക്കും.

### തിരുത്ത്
### എം.എസ്സി കമ്പ്യൂട്ടർ സയൻസ് റെക്കോർഡ് സമർപ്പിക്കണം

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ പഠനകേന്ദ്രം നടത്തുന്ന മൂന്നാം സെമസ്റ്റർ എം.എസ്സി കമ്പ്യൂട്ടർ സയൻസ് ലാബ് റെക്കോർഡ്, കേസ് സ്റ്റഡി റിപ്പോർട്ട്, ഡെമോൺസ്ട്രേഷൻ എന്നിവ ഏപ്രിൽ എട്ടിന് എസ്.ഡി.ഇ, പാളയം സർവകലാശാല കാമ്പസിൽ സമർപ്പിക്കേണ്ടതാണ്. ആറാം തീയതിയിലെ പത്രങ്ങളിൽ ഏപ്രിൽ 11 എന്ന് വന്നത് ഏപ്രിൽ എട്ട് എന്ന് തിരുത്തി വായിക്കേണ്ടതാണ്.

തിരുവനന്തപുരം.
06.04.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098